ആളുകളെ പിരിച്ചുവിടുകയുണ്ടായി. ഇപ്പോഴും അവിടെ നിൽക്കുന്ന മരം വെട്ടിയാൽ അതിൽ നിന്ന് ഈ എസ്റ്റേറ്റിന് നിലനിർത്താനാവശ്യമായ വരുമാനം കിട്ടുന്നില്ലെന്നാണ് മാനേജ്മെന്റിന്റെ അഭിപ്രായം. അതുകൊണ്ട് ഈ മരം നിർത്തിക്കൊണ്ട്, വെട്ട് തുടർന്നുകൊണ്ട് പോകുന്നത് വിഷമമാണെന്നാണ് അവരുടെ നിലപാട്. ആ പ്രശ്നം പരിഹരിക്കാൻ വളരെ എഫക്ടീവായിട്ടുള്ള കൺസിലിയേഷൻ നടപടികളും നടത്തിക്കൊണ്ടിരിക്കുകയാണ്.

(15) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തിക

ശ്രീ. കെ. സി. ജോസഫ്: സർ, ഈ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ നിരവധി ടീച്ചിംഗ് തസ്തികകളും ഒഴിഞ്ഞുകിടക്കുകയാണ്. ബിരുദാനന്തര കോഴ്സുകളുള്ള കോട്ടയം, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിൽ പോലും സർജറി ഡിപ്പാർട്ട്മെന്റ് അടക്കമുള്ള പല പ്രധാനപ്പെട്ട ഡിപ്പാർട്ടുമെന്റുകളിലും നിരവധി മാസങ്ങളായി ഈ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഇത് ബിരുദാനന്തര വിദ്യാഭ്യാസത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. കോടതിയുടെ തടസ്സമുണ്ടെന്നാണ് ഗവണ്മെന്റ് ആദ്യമായി പറയുന്നത്, ആ തടസ്സം മാറിക്കഴിഞ്ഞു. കേരളത്തിന്റെ മെഡിക്കൽ വിദ്യാഭ്യാസത്തെ ഗൗരവമായി ബാധിക്കുന്ന ഈ പ്രശ്നം പരിഹരിക്കാനും തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം എന്നീ മെഡിക്കൽ കോളേജുകളിൽ സർജറി ഡിപ്പാർട്ട്മെന്റിലെ ടീച്ചിംഗ് പോസ്റ്റുകളിൽ ആളുകളെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, സർജറി ഡയറക്ടർമാരുടെ പോസ്റ്റുകളിലേക്ക് നിയമിക്കാൻ ക്വാളിഫൈഡ് ആയിട്ടുള്ള ആളുകളില്ല. അതുകൊണ്ട് ഈ പോസ്റ്റ്, പ്രൊഫസർ പോസ്റ്റായിട്ട് താൽക്കാലികമായിട്ട് നിലനിർത്താമെന്ന് കരുതി നടപടികൾ സ്വീകരിച്ചുവരുമ്പോഴാണ് കോടതി അത് സ്റ്റേ ചെയ്തത്. ആ സ്റ്റേ വെക്കേറ്റ് ചെയ്ത് നടപടി സ്വീകരിച്ച അവസരത്തിൽ അതിനെ ചോദ്യംചെയ്തുകൊണ്ട് മറ്റൊരു സ്റ്റേ വന്നതുകൊണ്ട് തൽക്കാലം അത് നടപ്പിലാക്കാൻ നിവർത്തിയില്ലാതെ വന്നിരിക്കുകയാണ്. സ്റ്റേ വെക്കേറ്റു ചെയ്തു കഴിഞ്ഞാൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കാം.

(16) ആറാട്ടുപുഴ പഞ്ചായത്തിലെ പാലം പണി

ശ്രീ. രമേശ് ചെന്നിത്തല: സർ, ജല ഗതാഗതത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട ഒരു വഴിയാണ് കൊല്ലം, ആലപ്പുഴ. ആ വഴിയിൽ, എന്റെ നിയോജകമണ്ഡലത്തിൽ, കായംകുളം കായലിന് കുറുകെ കൊച്ചിയുടെ ജെട്ടിയിൽ ഒരു പാലം പണിയണമെന്നുള്ള ആവശ്യം നിരന്തരമായി ഉന്നയിച്ചുവരികയാണ്. പഴയകാലത്ത് കൊച്ചിയിലേയ്ക്ക് കേവു വള്ളങ്ങൾ പോകുമ്പോൾ ഒരു പ്രധാന ഹാൾട്ടിങ്ങ് പോയിന്റായിരുന്നു ഈ ജെട്ടി. എന്നാൽ ഇന്ന് അവിടെ മണ്ണ് കയറി ബോട്ടുകൾ അടുക്കാൻ പറ്റാത്ത സാഹചര്യമാണുള്ളത്. കാൽ ലക്ഷത്തോളം ജനങ്ങൾ താമസിക്കുന്നതും മൽസ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്നതുമായ ആറാട്ടുപുഴ പഞ്ചായത്തിൽ ഒരു പാലം പണിയണമെന്നുള്ള ആവശ്യം വളരെ നാളായി ഉന്നയിക്കുന്നതാണ്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി അടിയന്തിര നടപടികൾ സ്വീകരിക്കണം. അങ്ങ് എം. പി. ആയിരുന്ന അവസരത്തിൽ ഞങ്ങൾ ഈ ആഗ്രഹം പല പ്രാവശ്യം പ്രകടിപ്പിച്ചിട്ടുള്ളതാണ്. ഈ പാലം പണിയണമെന്നുള്ള ആവശ്യം ഞാൻ ഗവൺമെന്റിന്റെ മുമ്പിൽ വയ്ക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ) : സർ, ഈ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ട്. ഏകദേശം ഒരു കോടിയിൽപ്പരം രൂപ ചെലവുവരുന്ന ഒരു പാലമായതുകൊണ്ട് നാം വിചാരിക്കുന്ന അത്ര വേഗതയിൽ അത് എടുക്കാൻ കഴിയുമെന്ന് തോന്നുന്നില്ല.

(17) പുല്ലൂറ്റ് കെ. കെ. ടി. എം. കോളേജ് ലൈബ്രറിയുടെ ശോച്യാവസ്ഥ

ശ്രീ. വി. കെ. രാജൻ : സർ, പുല്ലൂറ്റ് ഗവൺമെന്റ് കെ. കെ. ടി. എം. കോളേജ് ലൈബ്രറിയിലേക്ക് 1972-ന് ശേഷം ഫർണിച്ചർ ഒന്നും അനുവദിക്കാത്തതിനാൽ ലൈബ്രറിയിലെ പുസ്തകങ്ങൾ ചാക്കിൽ കെട്ടിയിട്ടിരിക്കുകയാണ്. എല്ലാ വർഷവും ഏകദേശം അയ്യായിരം രൂപയുടെ വീതം പുസ്തകങ്ങൾ ലൈബ്രറിയിലേക്ക് വാങ്ങാറുണ്ട്. പക്ഷേ അത് സൂക്ഷിക്കാൻ അവിടെ സ്ഥലമില്ല. സ്ഥലപ്രശ്നം രൂക്ഷമായിട്ട് തുടരവെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുകാർ കോളേജിലേക്ക് കുറേ പുസ്തകങ്ങൾ നൽകി. നിവർത്തിയില്ലാതെ വന്നപ്പോൾ ജീവനക്കാർ പുസ്തകങ്ങൾ ചാക്കിൽ കെട്ടി വച്ചു. കാൽലക്ഷത്തോളം രൂപയുടെ പുസ്തകങ്ങൾ ചാക്കിലിരിക്കുകയാണ്. 1500-ൽ പരം വിദ്യാർത്ഥികൾ പഠിക്കുന്ന കോളേജിൽ ലൈബ്രറിയും റീഡിംഗ് റൂമും ഒരു മുറി തന്നെയാണ്. ലക്ഷങ്ങൾ ചെലവഴിച്ച് ഒരു കെട്ടിടം ലൈബ്രറിക്കുവേണ്ടി പണിതിട്ടുണ്ട്. പക്ഷേ ഫർണിച്ചർ ഇല്ലാത്തതിനാൽ അത് പൂട്ടിയിട്ടിരിക്കുകയാണ്. കോളേജിലെ കെമിസ്ട്രി, ഫിസിക്സ്, ബയോളജി ലാബിലെ അലമാരകൾ ഒഴിഞ്ഞുകിടക്കുകയാണ്. പ്രാക്ടിക്കലിന് ആവശ്യമുള്ള ഗ്യാസ് പ്ലാന്റും റേറ്റും പ്രവർത്തിക്കുന്നില്ല. ഒരു മൈക്രോഫോൺ അവിടെയുണ്ട്; അതും ചത്തുകിടക്കുകയാണ്. ആ കോളേജിന്റെ ഈ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ഈ വർഷം മുപ്പത്തിയോരായിരം രൂപ ഈ കോളേജിൽ ഫർണിച്ചറിനും ലൈബ്രറി പുസ്തകങ്ങൾക്കും വേണ്ടി അനുവദിച്ചിട്ടുണ്ട്. അനുവദിച്ച തുക മുഴുവൻ അവിടെ ചെലവഴിച്ചുവെന്നാണ് ഔദ്യോഗികമായി മനസ്സിലാകുന്നത്. അവിടെ കുറെ പുസ്തകങ്ങൾ ചാക്കിൽക്കെട്ടി സൂക്ഷിച്ചിട്ടുണ്ട് എന്ന് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചു. രണ്ടുകൊല്ലം മുൻപ് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് കുറെ പുസ്തകങ്ങൾ അവിടെ നൽകുകയുണ്ടായി. അവർ അവിടെനിന്ന് പുസ്തകങ്ങൾ നൽകിയതുതന്നെ ചാക്കിൽക്കെട്ടിയാണ്. കോളേജിൽ നിന്ന് ആവശ്യപ്പെടാതെ അവിടെ പുസ്തകങ്ങൾ നൽകിയതുകൊണ്ടോ അത് അവർ ഉപയോഗിക്കാൻ എടുക്കാത്തത് എന്നാണ് അറിയുന്നത്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നൽകിയിരിക്കുന്ന പുസ്തകങ്ങൾ സാധാരണമായും നല്ല പുസ്തകങ്ങൾ തന്നെയായിരിക്കും. അവർ ആവശ്യപ്പെടാത്തതുകൊണ്ടോ അതുപയോഗിക്കാത്തത് എന്നുപറയുന്നതു ശരിയല്ല. വീഴ്ച വരുത്തിയ ആളുകളുടെ പേരിൽ നടപടി സ്വീകരിക്കുന്നതാണ്. അവിടെ 7 മുറികളുള്ള കെട്ടിടത്തിന്റെ പണി ഇപ്പോഴാണ് തീർന്നിട്ടുള്ളത്. അതിന് ആവശ്യമായിട്ടുള്ള ഫർണിച്ചർ കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(18) ഹരിജൻ കുട്ടികൾക്കുള്ള ആനുകൂല്യം

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : സർ, പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 60 തമ്മൽ സ്കൂളുകളിൽ പഠിക്കുന്

LIBRARY ARCHIVES Kerala Legislative Assembly